വിമോചന ദൈവശാസ്ത്രത്തിന്റെ പ്രസക്തി കേരളത്തിൽ

ചരിത്രഗതിയെ വഴി മാറ്റി വിടുന്ന മഹാ പ്രതിഭാശാലികളെ മൊത്തത്തിൽ ജ്ഞാനസിദ്ധർ, കർമ്മസിദ്ധർ എന്നു വർഗീകരിക്കാവുന്നതാണു്. ജ്ഞാനസിദ്ധർ അറിവു നേടുകയും അറിവു വളർത്തുകയും അറിവു പ്രസരിപ്പിക്കയും ചെയ്യുന്നു. കർമ്മസിദ്ധരാകട്ടെ, സാഹചര്യങ്ങളുടെ വെല്ലുവിളി സ്വീകരിച്ചു്, സാഹസികമായ പ്രവർത്തനങ്ങളിലൂടെ ചരിത്രത്തെ വഴിമാറ്റിവിടുന്നു. ഇവയിൽ ജ്ഞാനമാർഗ്ഗമാണോ കർമ്മമാർഗ്ഗമാണോ ശ്രേഷ്ഠതരം എന്ന ചർച്ച അപ്രസക്തമാണു്. മതമണ്ഡലത്തിൽ ജ്ഞാനമാർഗ്ഗത്തിനും കർമ്മമാർഗ്ഗത്തിനും പുറമെ ഭക്തിമാർഗ്ഗം എന്നൊന്നു കൂടിയുണ്ടു്. ഭക്തിമാർഗ്ഗം ഒരു പരിധിവരെ വിരക്തിയും നിസംഗതയും സർവസംഗപരിത്യാഗവും ലൗകികകാര്യങ്ങളിൽ പാലിക്കുന്നു. ക്രൈസ്തവ മതവും ക്രൈസ്തവ മതനായകന്മാരും മേല്പറഞ്ഞ തരത്തിലുള്ള തത്വസംഹിതകൾക്കും ആചാര്യന്മാർക്കും ജന്മമേകിയിട്ടുണ്ടു്. സാമാന്യമായിപ്പറഞ്ഞാൽ തുടക്കത്തിൽ ക്രിസ്തുമാർഗ്ഗം ഒരു കർമ്മമാർഗ്ഗമായിരുന്നു — ഒരു നവ്യ ജീവിതശൈലിയായിരുന്നു. യേശുക്രിസ്തുവിന്റെ ജീവിതവും ഉപദേശങ്ങളും അപ്പസ്തോലന്മാരുടെ പ്രവൃത്തികളും ഈ സ്വഭാവം പ്രകടമാക്കുന്നുണ്ടു്. ക്രിസ്തുമതാരംഭത്തോടുകൂടിത്തന്നെ കേരളത്തിൽ മുളയെടുത്ത ക്രൈസ്തവമാർഗ്ഗവും ഒരു കർമ്മമാർഗ്ഗമായിട്ടാണു് ഇവിടേയ്ക്കു കടന്നു വന്നതു്. പരിധിയറ്റ സ്നേഹത്തിന്റെയും കലവറയില്ലാത്ത പങ്കാളിത്തത്തിന്റെയും കണക്കുവയ്ക്കാത്ത ക്ഷമയുടെയും മാർഗ്ഗമായി കേരളത്തിലേയ്ക്കു കടന്നുവന്ന ക്രൈസ്തവസമൂഹത്തിനു് ബുദ്ധമതത്തോടു് നല്ല അടുപ്പമുണ്ടായിരുന്നു. ആ നിലയ്ക്കു് കേരളത്തിലെ ജനങ്ങളും ഒരു തരം ബുദ്ധമതമായിത്തന്നെയായിരിക്കണം ക്രിസ്തുമതത്തെ കണ്ടതും സ്വീകരിച്ചതും: കേരളത്തിലെ ക്രൈസ്തവ മതത്തിനു് ശൈശവദിശയിൽ ലഭിച്ച വമ്പിച്ച വളർച്ചയ്ക്കും പ്രോത്സാഹനത്തിനും ഈ സാദൃശ്യം ഉപകരിച്ചു എന്നതിനു് വേണ്ടത്ര ചരിത്ര സാക്ഷ്യങ്ങളുണ്ടു്.

എ. ഡി. ആദിമ നൂറ്റാണ്ടിൽത്തന്നെ പൗരസ്ത്യദേശത്തു് ക്രൈസ്തവ സഭയ്ക്കു് അനുഷ്ഠാനപരമായ ഒരു മുഖം വന്നുകൂടി. സുനിശ്ചിതമായ ആരാധനക്രമം അവിടെ വികാസം പ്രാപിച്ചു. പങ്കാളിത്തവും കൂട്ടായ്മയും പങ്കുവയ്ക്കലും അനുഷ്ഠാനങ്ങളിലൂടെ

ഊട്ടിയുറപ്പിക്കപ്പെട്ടോ, അനുഷ്ഠാനങ്ങളും പങ്കാളിത്തത്തിനും കൂട്ടായ്മയ്ക്കും പങ്കുവയ്ക്കലിനും പകരമായി തീർന്നുവോ എന്നുള്ളതു് കൗതുകകരമായ ഒരു പഠനവിഷയമാണു്. ബലിയും വിരുന്നുമായ ക്രൈസ്തവ ജീവിതം ഒരനുഷ്ഠാനത്തിലേക്കു പരിമിതപ്പെട്ടുപോയി എന്ന ആക്ഷേപത്തിനു നല്ല ബലമുണ്ടു്. പേർഷ്യൻ ബന്ധത്തിലൂടെ കേരള ക്രൈസ്തവസമൂഹത്തിലേക്കു് പേർഷ്യൻ ആരാധനക്രമവും തദനുബന്ധമായ ചിട്ടവട്ടങ്ങളും കടന്നുവന്നു. കേരളത്തിലേക്കു കടന്നുവന്ന പേർഷ്യൻ വ്യാപാരികൾക്കു് കേരളക്കരയിൽ ലഭിച്ച ബഹുമാന്യതയും സമുന്നത പദവികൾക്കും കുനായിത്തൊമ്മൻ ചെപ്പേടും തരിസാപ്പള്ളിചെപ്പേടും സാക്ഷ്യം വഹിക്കുന്നു. സമൂഹത്തിൽ സമുന്നതപദവി നേടിയെത്തിയ ഈ ക്രൈസ്തവ സഹോദരങ്ങളുടെ സ്വാധീനം കേരള ക്രൈസ്തവ മാഗ്ഗത്തിന്റെ – മാത്തോമ്മായുടെ മാഗ്ഗത്തിന്റെ – അലകും പിടിയും മാറ്റിക്കളഞ്ഞു. ഒരർത്ഥത്തിൽ അന്നോളമുണ്ടായിരുന്ന ക്രൈസ്തവ മാർഗത്തിന്റെ മുഖംതന്നെ മാറിപ്പോയി. സാമ്പത്തികമായും അധികാരപരമായും പുതിയ മാനങ്ങൾ കേരള ക്രൈസ്തവർക്കു കൈവന്നു. മാർക്സിയൻ പദാവലിയിൽ പറഞ്ഞാൽ കേരള ക്രൈസ്തവരുടെ വർഗ്ഗസ്വഭാവംതന്നെ മാറിപ്പോയി. എങ്കിലും ക്രൈസ്തവികത തുടർന്നും അവർ നിലനിർത്തി. ആ ക്രൈസ്തവികതയാകട്ടെ, പേർഷ്യൻ മുദ്രകൾ പേറുന്നവയായിരുന്നു. പേർഷ്യൻ പാരമ്പര്യത്തിലുള്ള പൗരോഹിത്യ ശ്രേഷ്ഠതയും കൗദാശിക സമ്പ്രദായങ്ങളും ഇവിടെ പ്രചാരത്തിലായി. പേർഷ്യയിൽനിന്നുള്ള മെത്രാന്മാർ കേരള ക്രൈസ്തവർക്കു കൂടിയേ തീരൂ എന്നായി. മതജീവിതത്തിന്റെ സിരാകേന്ദ്രം ദേവാലയമായി. ദേവാലയത്തിലെ മുഖ്യകർമ്മം, പേർഷ്യൻ ആരാധനക്രമമനുസരിച്ചുള്ള സുഘടിതമായ കുർബാനയായിത്തീർന്നു. ദേവാലയത്തിൽ, ബലിയും വിരുന്നുമായ വിശുദ്ധ കുർബാനയിൽ പങ്കെടുക്കുന്നവരുടെ കൂട്ടായ്മയായിട്ടാണു് ക്രൈസ്തവസഭ കാണപ്പെട്ടതു്. ബലിയും ജീവിതവുമായുള്ള ബന്ധം അന്യഭാഷയിലെ ആരാധനക്രമം നടപ്പിലായതോടെ ഉർബലമായിത്തീർന്നിരിക്കണം. മറ്റുള്ളവർക്കുവേണ്ടി ചിന്തപ്പെടുവാനും ചിതറിക്കപ്പെടുവാനുമുള്ള ചൈതന്യം പകർന്നുകൊടുക്കേണ്ട ബലി നിഗൂഢതകളും നിറഞ്ഞ മന്ത്രോച്ചാരണമോ അനുഷ്ഠാനമോ ആയി പരിണമിക്കപ്പെട്ടു. കേരള ക്രൈസ്തവരിൽ പിന്നെ ശേഷിച്ചതു് ഒരു സമൂഹസങ്കല്പം മാത്രമാണു്. പള്ളിയോഗങ്ങളിലൂടെ, പൊതുവായ ആരാധനാനുഷ്ഠാനങ്ങളിലൂടെ ഈ സമൂഹസങ്കല്പം പച്ചപിടിച്ചുനിന്നു. കേരളത്തിലെത്തിയ പാശ്ചാത്യ മിഷനറിമാർ കണ്ടുമുട്ടിയതു് ഈ ക്രൈസ്തവ സമൂഹത്തെയാണു്. കേരള ക്രൈസ്തവസഭയുടെ ചരിത്രമെഴുതിയ പല നിഷ്പക്ഷമതികളും ചൂണ്ടിക്കാണിച്ചിട്ടുള്ളതുപോലെ പാശ്ചാത്യ ദേശങ്ങളിലും ചില പൗരസ്ത്യ ദേശങ്ങളിലും അരങ്ങു തകർത്ത ദൈവ

ശാസ്ത്രവിവാദങ്ങളും കോലാഹലങ്ങളും കേരള ക്രൈസ്തവരെ സ്പർശിച്ചതേയില്ല. കാ. നാ. സുബ്രഹ്മണ്യം പറയുന്നതുപോലെ അത്തരം വിവാദങ്ങളെല്ലാം കേരള ക്രൈസ്തവരുടെ തലയ്ക്കു മുകളിലൂടെ കടന്നുപോയി. മണ്ണിനോട് മല്ലിട്ട കനകം വിളയിക്കാനും ലാഭകരമായ വ്യാപാരഉടമ്പടികളും ഉണ്ടാക്കാനും സ്വന്തം ജാതിപദവി ഉറപ്പിച്ചു നിർത്താനും കേരള ക്രിസ്ത്യാനിക്കു് മനിക്കെ മതത്തെക്കുറിച്ചോ, നെസ്തോറിയൻ മതത്തെക്കുറിച്ചോ, യാക്കോബായ വാദത്തെക്കുറിച്ചോ, എന്തിനു് പ്രൊട്ടസ്റ്റന്റു വിപ്ലവത്തെക്കുറിച്ചപോലും ചിന്തിക്കാൻ മനസ്സോ സാവകാശമോ ഇല്ലായിരുന്നു. അത്തരം ഒരജഗണത്തിന്റെ നടുവിലേക്കാണു് ശീശ്മ തേടുന്ന കണ്ണുകളുമായി കത്തോലിക്കമിഷനറിമാർ എത്തിയതു്. വിശ്വാസ സത്യങ്ങളെക്കുറിച്ചു നടത്തിയ തലനാരിഴകീറുന്ന പ്രഭാഷണങ്ങളിൽ മനസ്സുനാൻ അവർക്കു കഴിഞ്ഞിരുന്നില്ല. പടിഞ്ഞാറു നിന്നെത്തിയ മിഷനറിമാരുടെ പശ്ചാത്തലം കേരളീയരുടേതിൽനിന്നു് തീർത്തും വ്യത്യസ്തമായിരുന്നു. പടിഞ്ഞാറൻസഭ കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ കാലം മുതൽക്കു തന്നെ ഒരു രാജകീയ മതമായിപ്പോയിരുന്നു. അവിടെ മതം രാഷ്ട്രത്തിന്റെ മേലങ്കി ധരിച്ചു. ആദിമ ക്രിസ്ത്യാനികളുടെ അനുഭവം പിന്നിട്ട റോമൻ സഭ, നിയമങ്ങളുടെ സഭയായിത്തീർന്നു. കർമ്മമാർഗ്ഗത്തിൽനിന്നകന്ന പൗരസ്ത്യർ ആരാധനാക്രമത്തെ വലം വച്ചു് കൂട്ടായ്മയെ നിലനിർത്താൻ ശ്രമിച്ചപ്പോഴും പടിഞ്ഞാറൻ സഭ നിയമത്തിന്റെ ഊരാക്കുടുക്കുകൊണ്ടു് ജനങ്ങളെ വലിച്ചു മുറുക്കി ഏകതാനത സൃഷ്ടിക്കാനാണു ശ്രമിച്ചതു്. മതവും രാഷ്ട്രീയവുംകൂടി കലർന്നു്, ''എന്റെ രാജ്യം ഐഹികമല്ല'' എന്നു പറഞ്ഞ യേശുവിന്റെ സഭ ക്രൈസ്തവസാമ്രാജ്യം കെട്ടിപ്പടുക്കുവാനുള്ള വ്യഗ്രതയിൽ അധാർമ്മികതയുടെ അഴുക്കുചാലുകളിൽ ഇറങ്ങിനിന്നു. കുശ്മമായ അച്ചടക്കത്തിന്റെ പടവാളുയർത്തി നിരപരാധികളെ ഹിംസിച്ചു. പ്രൊട്ടസ്റ്റന്റു വിപ്ലവം ഈ ഹിംസാവാസനയെ വർധിപ്പിച്ചതേയുള്ളു. അസഹിഷ്ണുതയായിരുന്നു അന്നത്തെ പടിഞ്ഞാറൻ സഭയുടെ മുഖമുദ്ര. അധികാരത്തിന്റെ മത്തു പിടിച്ച സഭാധികാരികളും അച്ചടക്കത്തിന്റെ ഖഡ്ഗവുമായി നാനാ ഭാഗത്തേക്കും മിഷനറിമാരെ അയച്ചു. പോർത്തുഗീസ് കൊളോണിയലിസത്തിന്റെ പതാകയുമേന്തി കേരളത്തിലെത്തിയ പടിഞ്ഞാറൻ മിഷനറിമാരുടെ പ്രവർത്തനത്തെ ഈ പശ്ചാത്തലത്തിൽ വേണം വിലയിരുത്താൻ. അവരുടെ ചെയ്തികളെ അവരുടെ വ്യക്തിപരമായ വൈകല്യങ്ങളായി വ്യാഖ്യാനിക്കാതെ അന്നത്തെ പടിഞ്ഞാറൻ സഭയുടെ തിന്മകളായിത്തന്നെ കാണണം. ഈ പടിഞ്ഞാറൻ ആക്രമണത്തിന്റെ ഫലമായിട്ടു് കേരളസഭയിലുണ്ടായ ഒരു മാറ്റം, അതു് ഇവിടെ ജ്ഞാനമാർഗ്ഗത്തിനു് തുടക്കം കുറിച്ചു എന്നതാണു്.

ഉദയം പേത്രുർ സൂനഹദോസിന്റെ കാനോനകളും, റോസിന്റെ നിയമാവലി വിവിധതരം വേദോപദേശഗ്രന്ഥങ്ങളും എന്നി വയിലൂടെയെല്ലാം ക്രൈസ്തവമാഗ്ഗത്തെ ഒരു ബൗദ്ധിക വ്യാപാ രമാക്കി മാറ്റാൻ പാശ്ചാത്യർക്കു കഴിഞ്ഞു. എന്നിട്ടും കേരളത്തി ലെ ക്രൈസ്തവർ വേദശാസ്ത്രപരമായ ചിന്തകളിലേക്കൊന്നും വേണ്ടത്ര മനസ്സുന്നിയില്ല. സാഹചര്യങ്ങളുടെ സമ്മർദ്ദം നിമി ത്തം പാശ്ചാത്യസഭയുടെ നിയമപരത അതു് ഏറ്റുവാങ്ങി. പതിനാറാം നൂറ്റാണ്ടുമുതൽ ഇരുപതാം നൂറ്റാണ്ടുവരെയുള്ള കേ രള സഭയുടെ ചരിത്രത്തിൽ അനേകം ഭിന്നതകളും കലഹങ്ങളും പുനരൈക്യങ്ങളും നമുക്കു കാണാൻ കഴിയുമെങ്കിലും അവയൊ ന്നും സിദ്ധാന്തപരമായ വിവാദങ്ങളെച്ചൊല്ലിയായിരുന്നില്ല. വ്യ ക്തിവിദ്വേഷം, സമുദായാഭിമാനം, ക്ഷുദ്രമായ ജാതിഗർവ്വ്, അധി കാരമോഹം, സാമ്പത്തിക നേട്ടം എന്നിങ്ങനെയുള്ള ലൗകിക കാ ര്യങ്ങളെക്കുറിച്ചു കലഹിക്കാനേ കേരള ക്രിസ്ത്യാനികൾക്കു കഴിഞ്ഞി ട്ടുള്ളൂ. കേരള ക്രൈസ്തവസമൂഹത്തിന്റെ ഈ മുഖം വിലയിരുത്തി ക്കൊണ്ടു മാത്രമേ ഈ സമൂഹത്തിന്റെ ഭാവിയെക്കുറിച്ചു ചിന്തി ക്കാൻ കഴിയൂ. ബൗദ്ധികമായ ബോധ്യങ്ങളിൽ കേരള ക്രൈസ്തവ ർക്കു താല്പര്യമില്ല. പഠനവിഷയം ബൈബിളായാലും മതപാഠാ വലികളായാലും അവ അനുഷ്ഠാന സ്വഭാവത്തോടെ കൈകാര്യം ചെയ്യാനല്ലാതെ പുതിയൊരു ജീവിതശൈലിക്കു് അടിത്തറയാ ക്കാൻ കേരള ക്രൈസ്തവർക്കു കഴിഞ്ഞിട്ടില്ല. ബൈബിൾ വിശി ഷ്ടമാണെന്നു മനസ്സിലാക്കിയപ്പോൾ അതു ചുംബിക്കുവാനും പ്ര ദക്ഷിണമായി കൊണ്ടുനടക്കാനുമാണു് നമുക്കു കൗതുകം ! വെള്ള ക്കാരായ മിഷനറിമാർ മലയാളത്തിലാക്കി അച്ചടിച്ചുതന്ന ബൈബിൾ ഒരു പൂജ്യവസ്തുവായി കൊണ്ടുനടക്കാനല്ലാതെ അ തിൽനിന്നു് തനിമയാർന്ന ഒരു ദൈവശാസ്ത്രവീക്ഷണം രൂപപ്പെ ടുത്താൻ കേരള ക്രിസ്ത്യാനികൾക്കു കഴിഞ്ഞിട്ടുണ്ടോ ? അല്ലെങ്കിൽ ഒന്നാലോചിക്കുക: കേരളത്തിൽ സ്വന്തം വ്യക്തിത്വമുള്ള ദൈവശാ സ്ത്രജ്ഞന്മാരുണ്ടോ ? പടിഞ്ഞാറൻ ദൈവശാസ്ത്രജ്ഞന്മാരുടെ പ കർപ്പെഴുത്തുകാരോ അനുകർത്താക്കളോ മാത്രമല്ലേ നമ്മുടെ വേദ പാരംഗതന്മാർ ! അതിവിശിഷ്ടമായ ആദ്ധ്യാത്മിക ചിന്തയുള്ള കേരളത്തിന്റെ മണ്ണിൽ ക്രൈസ്തവ ദൈവശാസ്ത്രം തനിമയോടെ മുളയെടുക്കാതിരിക്കുന്നതിനു് എന്താണു കാരണം ? മേൽ വിവരി ച്ച പശ്ചാത്തലത്തിലാണു് കേരളത്തിലെ വിമോചന ദൈവ ശാസ്ത്രത്തെക്കുറിച്ചു് ചിന്തിക്കേണ്ടതു്. ഇവിടെ എല്ലാ ദൈവ ശാസ്ത്രങ്ങളും നിർജ്ജീവമായ പാഠ്യവിഷയങ്ങളാണു്. പടിഞ്ഞാ റുനിന്നു് കടൽ കടന്നെത്തുന്ന ചിന്താസംഹിതകളും മാത്രം ! ക്രാ സുമുറികളിലും പ്രസംഗവേദികളിലും ശ്രോതാക്കളെ പീഡിപ്പി ക്കാൻ ഉപയോഗിക്കാവുന്ന ജഡവചനങ്ങളും !

കേരളത്തിൽ 1984-ൽ മത്സ്യത്തൊഴിലാളി സമരമുണ്ടായി. ഈ സമരത്തിനു നേതൃത്വം നൽകിയവരിൽ ഏതാനും പുരോഹിതരും കന്യാസ്ത്രീകളുമുണ്ടായിരുന്നു. പെട്ടെന്നൊരു വിശദീകരണമെന്ന നിലയ്ക്ക് വിമോചനദൈവശാസ്ത്രം ഉദ്ധരിക്കപ്പെട്ടു. പൊതു വാർത്താമാദ്ധ്യമത്തിലൂടെയാണ് ഈ പദം കത്തോലിക്കരിൽ ബഹുഭൂരിപക്ഷവും കേൾക്കുന്നതു്. മാതൃഭൂമി, കലാകൗമുദി തുടങ്ങിയ പൊതു ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ ഈ വിഷയത്തെക്കുറിച്ചുള്ള ലേഖനപരമ്പരകളും ചർച്ചകളും പ്രത്യക്ഷപ്പെട്ടപ്പോഴും യാഥാസ്ഥിതിക കത്തോലിക്ക പ്രസിദ്ധീകരണങ്ങളും ഇതൊന്നും അറിഞ്ഞതായി ഭാവിച്ചില്ല. ഈ കത്തോലിക്ക പ്രസിദ്ധീകരണങ്ങളും നല്കുന്ന സൂചനകളും ശരിയാണെങ്കിൽ, കേരളത്തിലെ ബഹുഭൂരിപക്ഷം കത്തോലിക്കർക്കും ഈ വിഷയത്തിൽ അന്നും ഇന്നും താല്പര്യമില്ല. റീത്തു വഴക്കു്, പുണ്യവാന്മാരുടെ അത്ഭുതങ്ങളും, കുടുംബക്ഷേമപരിപാടികളും, ആരോഗ്യപ്രശ്നങ്ങളും, ആരാധനാക്രമനവീകരണം എന്നിവയിലാണു് അവരുടെ ശ്രദ്ധ. ഇതു് മുൻപു സൂചിപ്പിച്ച പാരമ്പര്യത്തിന്റെ അനുസ്യൂതിയാണു് എടുത്തുകാട്ടുന്നതു്. കത്തോലിക്കരുടെ മതപാഠാവലികളിൽ എവിടെയെങ്കിലും വിമോചനദൈവശാസ്ത്രത്തെക്കുറിച്ചു് പരാമർശമുള്ളതായി കാണുന്നില്ല. മത്സ്യത്തൊഴിലാളിസമരത്തിനു നേതൃത്വം നല്കിയ വൈദികരോ, അതിൽ പങ്കെടുത്ത കത്തോലിക്കരായ മത്സ്യത്തൊഴിലാളികളോ തങ്ങളുടെ പ്രചോദനം വിമോചനദൈവശാസ്ത്രമാണെന്നു് പ്രഖ്യാപിച്ചു കണ്ടിട്ടുമില്ല. പിന്നെ ഇവരുടെ പ്രചോദനം എന്തായിരുന്നു ? ഈ ലേഖകരുടെ അഭിപ്രായത്തിൽ കഴിഞ്ഞ നാലു ദശകത്തിനിടയിൽ കേരളത്തിലെ അടിച്ചമർത്തപ്പെട്ട വർഗ്ഗങ്ങൾക്കിടയിലുണ്ടായ സ്വാതന്ത്ര്യാഭിനിവേശത്തിന്റെയും വിമോചനവ്യഗ്രതയുടെയും ഒരു മുഖമായിരുന്നു മത്സ്യത്തൊഴിലാളി സമരം. കേരളത്തിലെ ഇടതുപക്ഷപ്രസ്ഥാനങ്ങളും സ്വാതന്ത്ര്യാനന്തരകാലത്തു് കർഷകത്തൊഴിലാളികളും, ഫാക്ടറിത്തൊഴിലാളികളും, ചെത്തുതൊഴിലാളികളും, എൻ. ജി. ഒ. മാർ തുടങ്ങിയ തുച്ഛ വരുമാനക്കാരെ സംഘടിപ്പിക്കയും അവരുടെ അഭ്യുദയത്തിനുവേണ്ടി സാഹസികമായ സമരപരിപാടികളിൽ ഏർപ്പെടുകയും ചെയ്തു. എന്നാൽ മുൻപു സൂചിപ്പിച്ച വിഭാഗങ്ങൾക്കൊപ്പമോ അതിലധികമോ ചൂഷണ വിധേയമായിരുന്ന മത്സ്യത്തൊഴിലാളികളുടെ ഇടയിൽ വേരുറപ്പിക്കാൻ ഇടതുപക്ഷപ്രസ്ഥാനങ്ങൾക്കു കഴിഞ്ഞിരുന്നില്ല. ഇതിനു കാരണം, ദരിദ്രരും ചൂഷിതരും വിദ്യാവിഹീനരുമായ ഈ ജനങ്ങളുടെ അന്ധമായ മതാവേശമായിരുന്നു. മാർക്സിസം കത്തോലിക്ക മതത്തിന്റെ ബദ്ധശത്രുവാണെന്നും മാർക്സിസവുമായുള്ള നേരിയ ബന്ധം പോലും നിത്യരക്ഷയ്ക്ക് ഹാനികരമാണെന്നും ധരിച്ചവരായി

രുന്ന ഈ ദരിദ്രലക്ഷങ്ങൾ വേദനകളും ചൂഷണങ്ങളും കടിച്ച മർത്തിക്കഴിയുകയായിരുന്നു. സംഘടിത തൊഴിലാളിവർഗ്ഗം ഇടതുപക്ഷപ്രസ്ഥാനങ്ങളുടെ പിൻതുണയോടെ മറ്റു മേഖലകളിൽ കൈവരിക്കുന്ന അസൂയാവഹമായ നേട്ടങ്ങൾ ഇവരെ അസ്വസ്ഥരാക്കി. അപ്പോഴാണ് ഏതാനും വൈദികരും കന്യാസ്ത്രീകളും ചൂഷണത്തിനെതിരെ പോരാടാനുള്ള അവകാശത്തെക്കുറിച്ച് അവരോട് സംസാരിച്ചതു്. ശരിക്കും അതൊരു ബോധവല്ക്കരണമായിരുന്നു. മതാത്മകമായ ബോധവല്ക്കരണമല്ലെങ്കിലും സാമൂഹികമായ ബോധവല്ക്കരണമായിരുന്നു. സമരം ചെയ്താലും ക്രിസ്ത്യാനികളായി തുടരാം, സാമൂഹ്യ നീതിക്കുവേണ്ടിയുള്ള പോരാട്ടങ്ങളും ക്രൈസ്തവികതയും പരസ്പര വിരുദ്ധങ്ങളല്ല എന്ന ബോധ്യം അവരിൽ ജനിപ്പിക്കാൻ കൂപ്പായം ധരിച്ച പുരോഹിതരുടെയും സന്യാസിനിമാരുടെയും സാന്നിധ്യം ഉപകരിച്ചു. ഈ ബോധവല്ക്കരണപരിശ്രമങ്ങളിലേർപ്പെട്ട വൈദികർക്കോ സന്യാസിനികൾക്കോ ഇങ്ങനെയൊരു ബോധ്യമുണ്ടാകാൻ ലെത്തീൻ അമേരിക്കയിൽനിന്നു് ഇറക്കുമതി ചെയ്യപ്പെട്ട വിമോചന ദൈവശാസ്ത്രത്തിന്റെ സഹായം ആവശ്യമായിരുന്നില്ല. സാമാന്യമായ ക്രൈസ്തവാവബോധം ഇതിനു മതിയാകും. വേദപുസ്തകത്തിലെ വിശുദ്ധ യാക്കോബിന്റെ ലേഖനം വായിച്ചിട്ടുള്ളവർക്കു്, അപ്പത്തിനുവേണ്ടിയുള്ള പോരാട്ടത്തിൽ ദരിദ്രരോടു ചേർന്നുനിൽക്കാൻ മറെറാരു പ്രചോദനം ആവശ്യമുണ്ടോ ?

''എന്റെ സഹോദരരേ, മഹത്വത്തിന്റെ കർത്താവിൽ, നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ, വിശ്വസിക്കുന്ന നിങ്ങൾ പക്ഷപാതം കാട്ടിക്കൂടാ. വിശിഷ്ടവസ്ത്രങ്ങളും സ്വർണമോതിരങ്ങളും അണിഞ്ഞ ഒരാളും മുഷിഞ്ഞ വസ്ത്രം ധരിച്ച ഒരു പാവപ്പെട്ടവനും നിങ്ങളുടെ സഭയിലേക്കു കടന്നുവരുന്നുവെന്നു വിചാരിക്കുക. നിങ്ങൾ വിശിഷ്ടവസ്ത്രം ധരിച്ചവനെ ശ്രദ്ധിക്കയും 'ഇതാ ഇവിടെ ഇരുന്നാലും' എന്നു് അയാളെ ക്ഷണിക്കയും ചെയ്യുന്നു. എന്നാൽ, പാവപ്പെട്ടവനോടു് 'അവിടെ നിൽക്കൂ' അല്ലെങ്കിൽ, 'എന്റെ കാൽക്കൽ വന്നിരിക്കൂ' എന്നു നിങ്ങൾ കല്പിക്കുന്നെന്നും കരുതുക. അപ്പോൾ നിങ്ങൾ നിങ്ങളിൽതന്നെ വിവേചനം കാണിച്ചു് ഹീനവിചാരങ്ങളുള്ള വിധികർത്താക്കളായിത്തീരുകയല്ലേ ചെയ്യുന്നതു് ? എന്റെ പ്രിയപ്പെട്ട സഹോദരരേ, ശ്രദ്ധിക്കൂ ! വിശ്വാസത്തിൽ സമ്പന്നരും തന്നെ സേ്നഹിക്കുന്നവർക്കു വാഗ്ദാനം ചെയ്തിരിക്കുന്ന രാജ്യത്തിനു് അവകാശികളുമായി ദൈവം തെരഞ്ഞെടുത്തിരിക്കുന്നതു ലോകത്തിലെ പാവപ്പെട്ടവരെയല്ലേ ? എന്നാൽ നിങ്ങൾ ആ പാവപ്പെട്ടവനെ അപമാനിച്ചു. ധനവാന്മാരല്ലേ നിങ്ങളെ പീഡിപ്പിക്കുന്നതു് ? അവരല്ലേ നിങ്ങളെ ന്യായാസനത്തിങ്കലേക്കു വലിച്ചിഴയ്ക്കു

ന്നതു് ? നിങ്ങൾക്കു നല്ലിയിരിക്കുന്ന മഹനീയ നാമത്തെ ദൂഷിക്കുന്നതും അവർ തന്നെയല്ലേ ?

'നിന്നെപ്പോലെ നിന്റെ അയല്ക്കാരനെയും സ്നേഹിക്കുക' എന്ന വിശുദ്ധ ലിഖിതത്തിനു് അനുസൃതമായ രാജകീയ നിയമം, യഥാർത്ഥത്തിൽ പാലിക്കുന്നെങ്കിൽ, നിങ്ങൾ നന്നായി പ്രവർത്തിക്കുന്നു. മറിച്ചു്, പക്ഷപാതം കാണിക്കുന്നെങ്കിൽ, നിങ്ങൾ ചെയ്യുന്നതു പാപമാണു്. അതിക്രമം പ്രവർത്തിച്ചവരെന്ന നിലയിൽ നിങ്ങൾ നിയമാനുസൃതം വിധിക്കപ്പെടും. നിയമം മുഴുവൻ അനുസരിക്കുന്നവൻ ഒരംശത്തിൽ വീഴ്ചവരുത്തിയാൽ എല്ലാറ്റിലും തെറ്റുകാരനായിത്തീരുന്നു. കാരണം, 'വ്യഭിചരിക്കരുതു്' എന്നു കല്പിച്ചവൻതന്നെയാണു് 'കൊല്ലരുതു്' എന്നും പറഞ്ഞതു്. വ്യഭിചാരം ചെയ്യുന്നില്ലെങ്കിലും നീ കൊലപാതകം ചെയ്താൽ നിയമ ലംഘകനായിത്തീരുന്നു. അതിനാൽ സ്വാതന്ത്ര്യത്തിന്റെ നിയമത്തിൽ വിധിക്കപ്പെടേണ്ടവരെപ്പോലെ സംസാരിക്കയും പ്രവർത്തിക്കയും ചെയ്യുക. ഒട്ടും കാരുണ്യം കാണിക്കാത്തവനു നിഷ്കരുണമായ വിധി ഉണ്ടാകും. എങ്കിലും വിധിയുടെമേൽ കാരുണ്യം വിജയം വരിക്കുന്നു.

എന്റെ സഹോദരരേ, ഒരാൾ തനിക്കു വിശ്വാസമുണ്ടെന്നു പറയുകയും പ്രവൃത്തി ഇല്ലാതിരിക്കയും ചെയ്താൽ എന്താണു പ്രയോജനം ? അയാളുടെ വിശ്വാസത്തിനു് അയാളെ രക്ഷിക്കാൻ കഴിയുമോ ? വേണ്ടത്ര വസ്ത്രമോ അന്നദിന ആഹാരമോ ഇല്ലാതെ കഴിയുന്ന സഹോദരനോ, സഹോദരിക്കോ അവരുടെ ശരീരത്തിനു വേണ്ടതൊന്നും കൊടുക്കാതെ, അവരോടു് 'സമാധാനത്തിൽ പോകുക, തണുപ്പകറ്റുക, വയറുനിറയെ ഭക്ഷണം കഴിക്കുക എന്നു നിങ്ങളിൽ ഒരാൾ പറഞ്ഞാൽ എന്താണു് അതു കൊണ്ടു പ്രയോജനം ?'' (യാക്കോബു് 2:1–16)

പ്രഭാഷകന്റെ പുസ്തകത്തിലെ മുപ്പത്തിനാലാം അദ്ധ്യായം 18–മുതൽ 24–വരെ വാക്യങ്ങൾ വായിക്കുന്നവർക്കു് ദരിദ്രർക്കുവേണ്ടി സാഹസികമായി പ്രവർത്തിക്കാതിരിക്കാൻ കഴിയുമോ ?

> അന്യായമായി സമ്പാദിച്ചിട്ടുള്ളവയിൽനിന്നു് അർപ്പിക്കുന്ന യാഗം കളങ്കിതമാണു്; നിയമനിഷേധിയുടെ വഴിപാടുകൾ സ്വീകാര്യമല്ല. വഷളന്റെ ബലികളിൽ അത്യുന്നതൻ പ്രസാദിക്കുന്നില്ല; എത്ര യാഗം അർപ്പിച്ചാലും അയാൾ പാപവിമുക്തനാകുന്നുമില്ല.
>
> പിതാവിന്റെ കണ്മുമ്പിലിട്ടു മകനെ കൊല്ലുന്നവനെപ്പോലെയാണു് ദരിദ്രനിൽനിന്നു പിടിച്ചെടുത്ത സ്വത്തുകൊണ്ടു് യാഗം അർപ്പിക്കുന്നവൻ.

പാവപ്പെട്ടവന്റെ ഭക്ഷണം അയാളുടെ ജീവൻതന്നെയാണു്; അതപഹരിക്കുന്നവൻ രക്തദാഹിയത്രെ.

അയല്പ്പാരന്റെ ഉപജീവനമാർഗ്ഗം തടയുന്നവൻ അയാളെ കൊല്ലുന്നു; വേലക്കാരനു കൂലികൊടുക്കാതിരിക്കുന്നതു രക്തച്ചൊരിച്ചിലാണു്.

ഒരാൾ നിർമ്മിക്കയും മറെറാരാൾ തകർക്കുകയും ചെയ്താൽ അവർക്കു് അധ്വാനമല്ലാതെ എന്താണു് മിച്ചം? ഒരാൾ പ്രാർത്ഥിക്കയും മറെറാരാൾ ശപിക്കയും ചെയ്യുമ്പോൾ ആരുടെ സ്വരത്തിനാണു് കർത്താവു ചെവി ചായ്ക്കുക? (പ്രഭാഷകൻ 34:18–24).

അപമാനിതരോടും മർദ്ദിതരോടും മാർജിനൽ മനുഷ്യരോടും മമത കാട്ടിയ യേശുവാണു് സഭയുടെ ശിരസ്സു് എങ്കിൽ ആ യേശുവിന്റെ പൗരോഹിത്യത്തിൽ പങ്കാളിയാകുന്ന പുരോഹിതനു്, ചരിത്രത്തിന്റെ ഇരകളായിത്തീർന്ന മനുഷ്യരോടു പറഞ്ഞു നിൽക്കാൻ പുതിയൊരു ദൈവശാസ്ത്രത്തിന്റെ ആവശ്യമില്ല. ഈ ലളിതമായ യാഥാർത്ഥ്യം വിസ്മരിച്ചുകൊണ്ടു് മത്സ്യത്തൊഴിലാളി സമരത്തെ അവലംബമാക്കി വിമോചനദൈവശാസ്ത്രത്തെ വിലയിരുത്തുന്നതു് മിതമായിപ്പറഞ്ഞാൽ ബാലിശമാണു്, വങ്കത്തമാണു്.

യഥാർത്ഥത്തിൽ ഈ കാലഘട്ടത്തിൽ കേരളത്തിൽ തനിമയാർന്ന ഒരു ദൈവശാസ്ത്രദർശനം പിറക്കേണ്ടതായിരുന്നു. കൊളോണിയൽ ആധിപത്യത്തിൽനിന്നു മോചനം നേടിയ കേരളത്തിലെ ക്രൈസ്തവരുടെ ദൈവാനുഭവത്തിൽനിന്നു് ഉരുത്തിരിയേണ്ടതാണു് ആ ദർശനം. മുൻപു സൂചിപ്പിച്ചതുപോലെ ഇത്തരമൊരു ബൗദ്ധിക ചർച്ചയ്ക്കു് പണ്ടെന്നപോലെ ഇന്നും കേരളസഭ സന്നദ്ധമല്ല. തികച്ചും ഡോഗ്മാറിറിക്കും നൈയാമികവുമാണു് സഭാധികാരികളുടെ സമീപനം. പടിഞ്ഞാറൻ സഭയിൽനിന്നു് ഇറക്കുമതിചെയ്ത കാനൻ നിയമത്തിന്റെ മാർച്ചട്ടയും അച്ചടക്കത്തിന്റെ പടവാളുമേന്തി എല്ലാവിധ ഭിന്നാഭിപ്രായങ്ങളെയും സംഹരിക്കാൻ ഹൈരാർക്കി നിലയുറപ്പിച്ചിരിക്കുന്നു. മറുള്ളവർക്കു് എന്തുപറയാനുണ്ടു്, സമരത്തിന്റെ തീച്ചൂളയിൽ കഴിയുന്ന പുരോഹിതർക്കു് എന്തു പറയാനുണ്ടു് – അതന്വേഷിക്കാനുള്ള സൗമനസ്യവും ഹൈരാർക്കിക്കുണ്ടായില്ല എന്നതു് ഏറെ ദുഃഖകരമാണു്. മത്സ്യത്തൊഴിലാളി സമരത്തെക്കുറിച്ചു് കൺസൾട്ടേഷൻ സംഘടിപ്പിച്ച ബിഷപ്സ് കൗൺസിലിന്റെ പ്രതിനിധികളും, തങ്ങളുടെ എല്ലാ അഭിപ്രായങ്ങളെയും എപ്പോഴും എവിടെയും ഏറെ പറഞ്ഞിട്ടുള്ള അവസരവാദികളും ദൈവശാസ്ത്രനിരക്ഷരകുക്ഷികളുമായ വ്യക്തികളെയാണു് വിളിച്ചു കൂട്ടിയതു്.

എന്നിട്ട് അവർ പോലും, മത്സ്യത്തൊഴിലാളി സമരത്തിന്റെ നേതാക്കളെ വിളിച്ച് അഭിപ്രായം ആരായണമെന്ന് ആവശ്യപ്പെട്ടപോലും! കേരള സഭ ഇന്നു നേരിടുന്ന ഏറ്റവും വലിയ വിപത്തു് ഈ അസഹിഷ്ണുതയാണു്. സർവജ്ഞാനിയായ ദൈവം പോലും, ആദാമിനെയും ഹവ്വായെയും ശിക്ഷിക്കും മുൻപു് 'നീ എന്താണു ചെയ്തതു്' എന്നു ചോദിച്ചു. ആ നീതി പോലും സഭാമക്കളായ പുരോഹിതർക്കും സന്യാസിനികൾക്കും നിഷേധിക്കപ്പെട്ടു. റോമിന്റെ വിമർശനത്തിനു വിധേയരായ ലെത്തീൻ അമേരിക്കയിലെ വിമോചനദൈവശാസ്ത്രജ്ഞന്മാർക്കുപോലും കല്പിക്കാത്ത ശിക്ഷയാണിതു്. വിമോചനദൈവശാസ്ത്ര പ്രസ്ഥാനത്തിനു് ഇടതുപക്ഷ സഹകരണത്തോടെ ലെത്തീൻ അമേരിക്കയിൽ മുന്നേറ്റമുണ്ടായപ്പോഴും അവിടത്തെ നിരവധി മെത്രാന്മാർ സഹാനുഭൂതിയോടെ അതിനെ നോക്കിക്കണ്ടു. സാമ്രാജ്യകൊളോണിയൽ ശക്തികളുടെ അപ്രീതി വകവയ്ക്കാതെതന്നെ അവർ തങ്ങളുടെ സഹപുരോഹിതരുടെ അനുഭവങ്ങളും പങ്കുവച്ചു. അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങളുടെ അനുഭവവും മുന്നണിപ്പോരാളികളുടെ ആത്മത്യാഗപരമായ അനുഭവങ്ങളും ഒരു നവ്യ ദൈവശാസ്ത്രത്തിനു് വഴിയൊരുക്കി. അങ്ങനെയാണു് കാലത്തിന്റെ അടയാളങ്ങളെ വ്യാഖ്യാനിച്ചുകൊണ്ടു് ലെത്തീൻ അമേരിക്കയിൽ വിമോചനദൈവശാസ്ത്രം ഉരുത്തിരിഞ്ഞതു്. കേരളത്തിലെ കത്തോലിക്കസഭയ്ക്കും അനന്യമായ അനുഭവങ്ങളുണ്ടു്. ദൈവാനുഭവമുള്ള മനുഷ്യർ അവയോടു പ്രതികരിക്കുന്നുമുണ്ടു്. പക്ഷെ, ദൈവമക്കളുടെ സ്വാതന്ത്ര്യം അനുഭവിച്ചു് വിശദമായ ചർച്ചകളിലൂടെ ഒരു പുത്തൻ ദൈവശാസ്ത്രം ഉരുത്തിരിച്ചെടുക്കാൻ ഇവിടെ ആരെയും അനുവദിക്കയില്ല എന്നാണു് അച്ചടക്കത്തിന്റെ പടവാളയർത്തുന്നവർ ഉറച്ചുവിശ്വസിക്കുന്നതു്. ലെത്തീൻ അമേരിക്കയിൽ സാഹസികമായ വ്യതിയാനത്തോടൊപ്പം മൗലികമായ കാര്യങ്ങളിൽ വിട്ടുവീഴ്ചയില്ലാത്ത, അനുപദം മനുഷ്യസ്നേഹം സ്ഫുരിക്കുന്ന, ഒരു പുത്തൻ ദൈവശാസ്ത്രം ഉരുത്തിരിഞ്ഞു. കേരളത്തിലോ, പൊട്ടലും ചീറ്റലും ഭീഷണിയും ശാപവാക്കുകളും മാത്രം! ഈ ദുസ്ഥിതിക്കു് ഹൈരാക്കിയെ മാത്രം കുറ്റപ്പെടുത്തിയതുകൊണ്ടായില്ല. കേരളത്തിലെ ക്രൈസ്തവ സമൂഹത്തിൽ ഇന്നും അധീശവർഗ്ഗമനോഭാവക്കാണു് മുൻതൂക്കം. ഇടത്തരക്കാരാണു് ഭൂരിപക്ഷവും. ഉപരിവർഗ്ഗചായ്വാണു് അവരുടെ മുഖമുദ്ര. ഉപഭോഗവ്യഗ്രതയേറിയ ഒരു സമൂഹത്തിന്റെ ദുർലക്ഷണങ്ങളെല്ലാം ക്രൈസ്തവ സമൂഹത്തിൽ പ്രകടമാണു്. കൂറൻ വീടുകൾ നിർമ്മിക്കുക, സാധാരണക്കാർക്കു് അനുഭിഗമ്യമായ വിദ്യാലയങ്ങളിൽ കുട്ടികൾക്കു വിദ്യാഭ്യാസം നല്കുക, വമ്പിച്ച സ്ത്രീധനം നല്കുക, ആഡംബരപൂർണമായ ഉത്സവങ്ങളും വിരുന്നുകളും നടത്തുക, ഇതിനെല്ലാം

ആവശ്യമായ ധനം നേടാൻ ലാഭേച്ഛമാത്രം മുൻനിത്തി പ്രവർത്തിക്കുക, പണമുണ്ടായാൽ എല്ലാമായി എന്ന മട്ടിൽ ജീവിതവൃത്തികം സ്വീകരിക്കുക തുടങ്ങി ഉപഭോഗവ്യഗ്രതയാർന്ന ഒരു സമൂഹത്തിന്റെ ജീർണതകം മുഴവൻ കേരള കത്തോലിക്കസമുദായത്തിൽ പ്രകടമാണു്. അതായതു്. ''കൊള്ളയടിക്കപ്പെട്ടവരുടെ സഭ'' ''ചൂഷിതരുടെ സഭ'' ''അകാരണമായി തടങ്കലിൽ വയ്ക്കപ്പെട്ടവരുടെ സഭ''; ''അടിച്ചമർത്തപ്പെട്ടവരുടെ സഭ'', ''ദരിദ്രരുടെ സഭ'' തുടങ്ങിയ വിശേഷണങ്ങളൊന്നും ഇന്നത്തെ നിലയിൽ കേരള ക്രൈസ്തവ സഭയ്ക്കു യോജിക്കില്ല.

ഈ ലേഖനത്തിന്റെ ഭൂമികയിൽ സൂചിപ്പിച്ചതുപോലെ ചരിത്രത്തിലൂടെ ഉരുത്തിരിഞ്ഞു വന്നതാണു് കേരളസഭയുടെ രൂപവും ഭാവവും. പതിനാറാം നൂറ്റാണ്ടുമുതൽ സാമ്രാജ്യപരവും വൈദേശികവും കൊളോണിയലിസത്തിന്റെ പിൻതുടർച്ചയുള്ളതുമായ സഭാഘടനയാണു് കേരളത്തിലുള്ളതു്. അത്യന്തം ഏകാധിപത്യപരമാണു് അതിന്റെ നയങ്ങളും ഘടനയും. വിമോചനത്തിന്റെ ആദ്യത്തെ പടിയായ അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾ ഇത്തരമൊരു അന്തരീക്ഷത്തിൽ മുളച്ചു പൊങ്ങുകയില്ല. മുളച്ചു പൊങ്ങിയാൽ ധിക്കാരത്തിന്റെയും സഭാദ്രോഹത്തിന്റെയും മുദ്രകുത്തി അതിനെ അടിച്ചമർത്തുകയും ചെയ്യും. ബോഹിനെ പോലെയുള്ള ദൈവശാസ്ത്രജ്ഞന്മാർ ചൂണ്ടിക്കാണിച്ചിരിക്കുന്നതുപോലെ സാമ്രാജ്യസ്വഭാവം സഭയിൽ ഉൾച്ചേർന്നിരിക്കുന്നു. ഏകാധിപത്യപരമായ പ്രവണതകൾ ശക്തിപ്പെട്ടു നിൽക്കുന്നു. കൂടുതൽ പങ്കാളിത്തമുള്ളതും വികേന്ദ്രീകൃതവുമായ ഘടനയിൽ മാത്രമേ അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾ ശക്തിപ്പെടൂ. ഇത്രയും പറഞ്ഞതുകൊണ്ടു് അടിസ്ഥാന ക്രൈസ്തവ സമൂഹങ്ങൾ കെട്ടിപ്പടുക്കാനുള്ള പരിശ്രമങ്ങൾ അപ്രസക്തമാണെന്നു വരുന്നില്ല. ഈ മാഗ്രത്തിൽ പരിശ്രമിക്കുന്നവർ രണ്ടു തരത്തിലുള്ള വെല്ലുവിളികളെ നേരിടേണ്ടിവരുന്നു എന്നതാണു് സൂചന. സഭ ആദ്യം വിമോചനം നേടട്ടെ, എന്നിട്ടാവാം വിമോചന സംരംഭം എന്നു പറയുന്നതിന്റെ പൊരുൾ ഇവിടെ പരിഗണിക്കാവുന്നതാണു്. സഭയെ ദൈവജനത്തിന്റെ കൂട്ടായ്മയാക്കി മാറ്റാനുള്ള ഏതു പരിശ്രമവും ക്ലേശകരവും ശ്ലാഘനീയവുമാണു്; പ്രത്യേകിച്ചു്, കേരളത്തിന്റെ പശ്ചാത്തലത്തിൽ. എന്നാൽ, ഇതു പൂർത്തിയായിട്ടേ സാമൂഹിക സാമ്പത്തിക വിമോചനത്തിനുള്ള സംരംഭങ്ങൾക്കായി സഭാതനയർ പൊതുരംഗത്തിറങ്ങാവൂ എന്നു ശഠിക്കാവുന്നതല്ല. ഈ രണ്ടു വിമോചന പ്രസ്ഥാനങ്ങളും ഏകകാലത്തുതന്നെ സജീവമായിത്തീരുന്നവയാണു്. ഇന്നു കേരളത്തിൽ അങ്ങിങ്ങു് ഒറ്റപ്പെട്ട നിലയിലാണെങ്കിലും വിമോചന കൂട്ടുകികളുടെ ചെറു ക്രൈസ്തവ

സംഘങ്ങൾ രൂപപ്പെട്ടിട്ടുണ്ട്. അവയുടെ പരിശ്രമങ്ങളിൽ മേല്പറഞ്ഞ രണ്ടു തരം വെല്ലുവിളികളെയും അവ നേരിടുന്നുമുണ്ട്. ബോധവല്ക്കരണ പരിശ്രമങ്ങളിലാണ് ഈ ചെറു സംഘങ്ങൾ ഏറിയ കൂറും ശ്രദ്ധിക്കുന്നതു്. മാർക്സിസ്റ്റുകളായ നഴ്ഞ്ഞുകയറ്റക്കാർ, സഭാശത്രുക്കളുടെ ചാരന്മാർ, മോഹഭംഗം സംഭവിച്ച സ്വാർഥമതികൾ, അവിവേകികളായ ആദർശവാദികൾ എന്നെല്ലാം ഇക്കൂട്ടർ മുദ്രയടിക്കപ്പെടുന്നുണ്ടെങ്കിലും ഇവരുടെ സാഹസിക പരിശ്രമങ്ങൾ വർദ്ധിച്ചു വരുകയാണ്. ഏതായാലും ഇന്നു കേരളത്തിലെ പൊതു സമൂഹത്തിനു് ചില കാര്യങ്ങൾ ബോധ്യപ്പെട്ടിരിക്കുന്നു: എന്നെന്നും യാഥാസ്ഥിതികത്വത്തിന്റെ വക്താവാകാനുള്ളവളല്ല സഭ. സഭ അതിന്റെ തനിമ വീണ്ടെടുക്കുമ്പോൾ അധീശശക്തികൾക്കെതിരെ അതു പോരാടും. പന്തിയോസ് പീലാത്തോസിന്റെ കാലത്തു് വിപ്ലവകാരിയായി മുദ്രകുത്തപ്പെട്ടു് കുഴവിലേറിയ യേശുവിന്റെ സഭ ജനനംകൊണ്ടു് വിപ്ലവ സ്വഭാവമുള്ളതാണ്. വിപ്ലവാത്മകമാണു് അതിന്റെ സന്ദേശം. സ്വർഗ്ഗത്തെ ചൊല്ലി ഭൂമിയെ മറക്കാൻ സഭ ഉപദേശിക്കുന്നില്ല. സഭയ്ക്കുള്ളിൽ സംഘർഷങ്ങളുണ്ടു്. ഒരു യാഥാർത്ഥ്യം കൂടി പൊതു സമൂഹത്തെ ധരിപ്പിക്കേണ്ടതുണ്ടു്: യഥാർത്ഥ സംഘടനം ദരിദ്രരുടെ സഭയും ഔദ്യോഗിക സഭയും തമ്മിലല്ല; യേശുവിന്റെ സഭയും സാമ്രാജ്യസഭയും തമ്മിലാണ്.

സ്സിറിയ സക്കറിയ

ജോമ്മ കാട്ടടി